"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. അരുൺ. ജി. ദാസ്, മാർക്കറ്റിംഗ്/ സെയിൽസ് എക്സിക്യൂട്ടിവ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് , അങ്കമാലി സൗത്ത്, എറണാകുളം എന്നവരുടെ കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2292/2025/LSGD തീയതി,തിരുവനന്തപുരം, 22-09-2025

---

പരാമർശം:-
1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. 06/11/2023-ലെ സ.ഉ.(സാധാ)നം.2180/2023/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/11/2024, 13.08.2025 തീയതികളിലെ 2611/E1/2024/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീ. അരുൺ. ജി. ദാസ്, മാർക്കറ്റിംഗ്/ സെയിൽസ് എക്സിക്യൂട്ടിവ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് , അങ്കമാലി സൗത്ത്, എറണാകുളം എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ 01/12/2023 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 30/11/2024 -ൽ അവസാനിക്കുന്നതായും 01/12/2024 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അരുൺ. ജി. ദാസ്, മാർക്കറ്റിംഗ്/ സെയിൽസ് എക്സിക്യൂട്ടിവ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് , അങ്കമാലി സൗത്ത്, എറണാകുളം എന്നവരുടെ കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01/12/2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ. അരുൺ. ജി. ദാസ്, മാർക്കറ്റിംഗ്/ സെയിൽസ് എക്സിക്യൂട്ടിവ്, കേരള സ്റ്റേറ്റ് ബാംബൂ

കോർപറേഷൻ ലിമിറ്റഡ് , അങ്കമാലി സൗത്ത്, എറണാകുളം (മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് , അങ്കമാലി സൗത്ത്, എറണാകുളം മുഖേന)
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് , അങ്കമാലി സൗത്ത്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/346/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 22-09-2025 13:21:20

സെക്ഷൻ ഓഫീസർ